S77/2023/HPWC

സ.ഉ.(കൈ) നം.3/2023/SJD

"ഭരണഭാഷ- മാതൃഭാഷ"

05 JUN 2023

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- സംസ്ഥാന സർക്കാരിന്റെ എല്ലാ സുപ്രധാന പരിപാടികളിലും ആംഗ്യഭാഷ വ്യാഖ്യാതാക്കളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സാമൂഹ്യ നീതി (ബി )വകുപ്പ്

സ.ഉ.(കൈ) നം.3/2023/SJD തീയതി,തിരുവനന്തപുരം, 01-06-2023

പരാമർശം:-

1. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 15.12.2017-ലെ WP(C)243/2005 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം
2. 30.01.2019 തീയതിയിലെ സ.ഉ.(സാധാ) നം. 54/2019/സാ.നീ.വ. നമ്പർ ഉത്തരവ്
3. സാമൂഹ്യ നീതി ഡയറക്ടറുടെ 30.10.2021-ലെ SJD/100635/2019-D5 നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) റിട്ട് ഹർജിയിന്മേൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ ഉൾപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . പ്രസ്തുത ഉത്തരവ് പ്രകാരം ബഹു.ഗവർണറും, ബഹു. മുഖ്യമന്ത്രിയും ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രിയും പങ്കെടുക്കുന്ന എല്ലാ സുപ്രധാന സർക്കാർ ചടങ്ങുകളിലും ആംഗ്യഭാഷ വ്യാഖ്യാതാക്കളുടെ (Sign Language Interpreters) സേവനം പ്രയോജനപ്പെടുത്തുന്നതിനും കൂടാതെ പ്രമുഖ വ്യക്തികളുടെ പ്രസംഗങ്ങൾ കേൾവി വൈകല്യമുള്ളവർക്കു കൂടി മനസ്സിലാക്കുന്നതിലേക്കായി ആംഗ്യഭാഷ വ്യാഖ്യാതാക്കൾക്കളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും അപ്രകാരം നിയോഗിക്കപ്പെടുന്ന ആംഗ്യഭാഷ

വ്യാഖ്യാതാക്കൾക്ക് മണിക്കൂർ നിരക്കിൽ പ്രതിഫലം നിശ്ചയിക്കുന്നതിനും കാലാകാലങ്ങളിൽ പ്രതിഫലം പരിഷ്കരിക്കുന്നതിനും സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു.

(2) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ എല്ലാ സുപ്രധാന പരിപാടികളിലും ആംഗ്യഭാഷ വ്യാഖ്യാതാക്കളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് ചുവടെ പറയും പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(i) ബഹു.ഗവർണർ, ബഹു. മുഖ്യമന്ത്രി , ബഹു.മന്ത്രിമാർ എന്നിവർ പങ്കെടുക്കുന്ന പ്രധാന യോഗങ്ങളിൽ ആംഗ്യഭാഷാ വ്യാഖ്യാതാക്കളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ഇവർക്ക് മണിക്കൂറിന് 1000/- രൂപ നിരക്കിൽ ഹോണറേറിയം നൽകുന്നതിനും പ്രസ്തുത തുക 2235-02-101-56-00-00-0-P-V Accessible India Campaign Monitoring and Evaluation – State Share എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യ നീതി ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .

(ii) കേൾവി വൈകല്യമുള്ള ധാരാളം ആളുകൾ പങ്കെടുക്കുന്ന യോഗങ്ങളിൽ അതത് വകുപ്പുകൾ ആംഗ്യഭാഷ വ്യാഖ്യാതാക്കളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

- ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരളാ രാജ്ഭവൻ , തിരുവനന്തപുരം
- ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം വകുപ്പ് ഉൾപ്പെടെ)
- എല്ലാ വകുപ്പ് മേധാവികൾക്കും
- ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
- ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ. ആഞ്ജനേയ. ശാസ്തമംഗലം, തിരുവനന്തപുരം

- അക്കൌണ്ടന്റ് ജനറൽ(എ&ഇ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
- ധനകാര്യ വകുപ്പ് ( Vide U.O Note No. WW-WW4/49/2022-FIN dated 31.10.2022)
- പൊതുഭരണ (എസ്.സി) വകുപ്പ്
- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
- സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Jasmin Thomas

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്